# പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3045.

21-08-2017 ൽ മറുപടിയ്ക്ക്

## സോയിൽ ഹെൽത്ത് കാർഡ്

ചോദ്യം
ശ്രീ.യു. ആർ. പ്രദീപ്

മറുപടി
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സോയിൽ ഹെൽത്ത് കാർഡ് വിതരണം ചെയ്യുന്ന പദ്ധതി ഏതു ഘട്ടത്തിലാണ്; | (എ) | കേന്ദ്ര സർക്കാരിന്റെ നാഷണൽ മിഷൻ ഫോർ സസ്റ്റൈനബിൾ അഗ്രികൾച്ചർ(എൻ.എം. എസ്.എ) എന്ന മിഷന്റെ കീഴിലുള്ള പദ്ധതിയാണ് "സോയിൽ ഹെൽത്ത് കാർഡ്". മണ്ണിലടങ്ങിയിരിക്കുന്ന പ്രാഥമിക, ദ്വിതീയ മൂലകങ്ങൾ,സൂക്ഷ്മ മൂലകങ്ങൾ എന്നിവയുൾപ്പെടെ 13 മാനദണ്ഡങ്ങളും അവയനുസരിച്ചുള്ള വളപ്രയോഗത്തിന്റെ ശുപാർശകളുമടങ്ങിയതാണ് മണ്ണുപരിപോഷണകാർഡ്. സംസ്ഥാനത്തെ എല്ലാ കൃഷിയിടങ്ങളുടെയും (കർഷകർക്കും) വിവരങ്ങളടങ്ങിയ 68.3 ലക്ഷം മണ്ണുപരിപോഷണ കാർഡ് വിതരണം ചെയ്യുന്നതിനുള്ള പദ്ധതിയുടെ രണ്ടാം ഘട്ടമിപ്പോൾ പ്രാരംഭദിശയിലാണ്.ഈ പദ്ധതിയുടെ 2015-16, 2016-17 വർഷത്തെ ഒന്നാം ഘട്ടത്തിന്റെ കാലയളവിൽ 6.5 ലക്ഷം മണ്ണു പരിപോഷണകാർഡുകൾ തയ്യാറാക്കി വിതരണം ചെയ്തു. |
| (ബി) | സോയിൽ ഹെൽത്ത് കാർഡ് കർഷകർക്ക് ഏതെല്ലാം തരത്തിൽ പ്രയോജനം ചെയ്യുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ ? | (ബി) | മണ്ണുപരിപോഷണകാർഡുകളിൽ ഓരോ കൃഷിയിടത്തിലെയും മണ്ണിന്റെ സ്വഭാവം,മൂലകങ്ങളുടെ അളവ് എന്നിവയ്ക്കുപുറമെ ശുപാർശ അനുസരിച്ചുള്ള വളപ്രയോഗവും രേഖപ്പെടുത്തിയിട്ടുണ്ട്.അതുകൊണ്ട് കർഷകർക്ക് ജൈവ രാസവളങ്ങൾ വിളയ്ക്ക് ആവശ്യാനുസരണം മാത്രം ശുപാർശയനുസരിച്ച് ചേർക്കുവാൻ കഴിയുന്നു. അനാവശ്യവളപ്രയോഗത്തിന് വേണ്ടിവരുന്ന പാഴ്ച്ചിലവ് ഒഴിവാക്കുവാനും മണ്ണിലും ജലത്തിലും രാസവളങ്ങളുടെ അമിത ഉപയോഗം മൂലമുണ്ടാകുന്ന പരിസ്ഥിതി മലിനീകരണം ഒഴിവാക്കുവാനും സഹായിക്കുന്നു . |

സെക്ഷൻ ഓഫീസർ